# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തീക്കോയി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**



# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# കോട്ടയം-686001

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.14/1099/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/09/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തീക്കോയി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.14/1099/2024 തീയ്യതി: 09/09/2024

## കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2024 | 31-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 24-07-2024 | 31-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി പി ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ സി ജെയിംസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| സുമാഭായി അമ്മ ആർ | സെക്രട്ടറി | 01-04-2023 | 04-07-2023 |
| സുരേഷ് സാമുവേൽ | സെക്രട്ടറി | 05-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗ്രീഷ്മ കെ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 10-07-2023 |
| മീഡിയ റാണി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-07-2023 | 21-09-2023 |
| ജോൺ രാഹുൽ ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 22-09-2023 | 13-10-2023 |
| ജയപ്രകാശ് ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-10-2023 | 31-03-2024 |
| നീതു തോമസ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ബിനോയ് ജോസഫ് | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. ബിബിരാജ് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2023 | 04-07-2023 |

| | | | |
|---|---|---|---|
| ഡോ. ലിറ്റി തോമസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 05-07-2023 | 31-03-2024 |
| ഡോ, പത്മനാഭൻ ഇ ജി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 18-08-2023 |
| ഡോ. പ്രൈസ് അനി എബ്രഹാം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 19-08-2023 | 31-03-2024 |
| ഡോ. സജിന കെ എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ശോഭനകുമാരി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 11-08-2023 |
| മെർലിൻ ബേബി | ഐ സി ഡി എസ് സൂപ്പർവൈസർ | 12-08-2023 | 31-03-2024 |
| റൊണാൾഡ് വിൽസൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| സൗമ്യ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2023 | 18-10-2023 |
| ടോമിൻ ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 19-10-2023 | 25-10-2023 |
| ദിവ്യശ്രീ റ്റി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 26-10-2023 | 16-01-2024 |
| ടോമിൻ ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 17-01-2024 | 18-01-2024 |
| ആകാശ് ടോം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 19-01-2024 | 31-03-2024 |
| ടോമിൻ ജോർജ്ജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24 | 1-1 |
| 2 | ജനറൽ  ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ  സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | 31/03/2024 വരെയുള്ള ചെലവുകൾ  2023-24 വർഷം Payable ആയി അക്കൌണ്ട് ചെയ്തില്ല | 1-1-4 |
| 6 | Government/Other ഡ്യൂസ് രജിസ്റ്റർ  സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്ററിലെ തുകകളുടെ വിശദാംശങ്ങൾ  ലഭ്യമല്ല | 1-1-6 |
| 8 | ബി 5, ബി 16 ഷെഡ്യൂളുകൾ  പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സഞ്ചിത മൂല്യശോഷണം ആസ്തിയേക്കൾ  അധികരിച്ചിരിക്കുന്നു | 1-1-8 |
| 10 | എം ജി എൻ  ആർ  ജി എസ് വരവ് ചെലവ് തുകകൾ  ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | പിരിവ് തുക രജിസ്റ്ററുമായി പെരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബി 9 ഷെഡ്യൂളിലെ തുകയുടെ വിശദാംശങ്ങൾ  ലഭ്യമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതിഅവലോകനം | 1-5 |
| 17 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ  നടത്തിയതിന്റെ വിവരം | 1-10 |
| 22 | റിസോർട്ടിന്റെ വസ്തുനികുതി നിർണയം അപാകതകൾ | 1-11 |
| 23 | വസ്തുനികുതി പരിഷ്കരണം-പൂർത്തിയായില്ല | 1-12 |
| 24 | 2023-24 ൽ  വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-13 |

| | | |
|---|---|---|
| 25 | കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-14 |
| 26 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 27 | ലൈസൻസില്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു | 1-16 |
| 28 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 29 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- തുടർ പ്രവർത്തനങ്ങൾ പൂർത്തിയായില്ല | 1-18 |
| 30 | ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു | 1-19 |
| 31 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയാക്കിയില്ല | 1-20 |
| 32 | ലൈഫ് ഭവനപദ്ധതി- മുൻകാലങ്ങളിൽ കരാർ വെച്ച ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-21 |
| 33 | ആർദ്രം പദ്ധതി - എൻ.എച്ച്.എമ്മിന് വിഹിതം കൈമാറൽ - വിനിയോഗ വിവരം ലഭ്യമായില്ല | 1-22 |
| 34 | ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല | 1-23 |
| 35 | മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-24 |
| 36 | ഇ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | 1-25 |
| 37 | കാലി ബാരൽ വില, ജി.എസ്.റ്റി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല | 1-26 |
| 38 | കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിട്ടില്ല - പിഴ ഈടാക്കിയിട്ടില്ല | 1-27 |
| 39 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല | 1-28 |
| 40 | മാലിന്യ സംസ്കരണ പ്രോജക്ടിന് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ നിന്നും തുക ചെലവഴിച്ചത് ക്രമപ്രാരമല്ല | 1-29 |
| 41 | പ്രോജക്ട് ചെലവുകളുടെ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 42 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- അപാകതകൾ | 1-31 |
| 43 | നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണ/ വിനിയോഗവിവരം ലഭ്യമല്ല | 1-32 |
| 44 | കന്നുകുട്ടി പരിപാലനം- അപാകതകൾ | 1-33 |
| 45 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-34 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. തിക്കോയി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29/05/2024 തീയതിയിലെ 2 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ

നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 09.09.2024** **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) ഡാറ്റാ സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-78 പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകളും 31/03/2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും(Calculation Sheet) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വർദ്ധനവ്(Capital Contribution) ശീർഷകത്തിലെ 01/04/2023 ലെ 3.18 കോടി രൂപ മൂല്യത്തിന്റെ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവു മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതും 31/03/2024 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ

അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.
പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2024 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-1-4 31/03/2024 വരെയുള്ള ചെലവുകൾ 2023-24 വർഷം Payable ആയി അക്കൌണ്ട് ചെയ്തില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2024 ലെ ഹോണറേറിയം, 31/03/2024 വരെയുള്ള കണ്ടിജന്റ് ചെലവുകൾ (ഉദാ: ഇലക്ട്രിസിറ്റി-വാട്ടർ ചാർജുകൾ) എന്നിവ 2023-24 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു. തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൌണ്ട് ചെയ്യുന്നതിന് ILGMS- സോഫ്റ്റ്‌വെയറിൽ സംവിധാനം ഏർപ്പെടുത്താൻ IKM-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-6 അഡ്വാൻസ് രജിസ്റ്ററിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല**

ബി 18 ഷെഡ്യൂളിൽ 460100103 – Temperory Advance For Official Purposes, 460500499 – Advance To Other Accredited Agencies എന്നീ ഹെഡുകളിലെ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. പ്രസ്തുത ഹെഡുകളിലെ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

**1-1-7 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

**1-1-8 സഞ്ചിത മൂല്യശോഷണം ആസ്തിയേക്കൾ അധികരിച്ചിരിക്കുന്നു**

31.03.2024 ലെ ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂൾ പ്രകാരം Roads And Bridges, Vehicle എന്നീ ഇനങ്ങളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയേക്കാൾ അധികരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-1-9 എം ജി എൻ ആർ ജി എസ് വരവ് ചെലവ് തുകകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല**

എം ജി എൻ ആർ ജി എസ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ്, പി എഫ് എം എസ് തുകകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-1-10 പിരിവ് തുക രജിസ്റ്ററുമായി പെരുത്തപ്പെടുന്നില്ല**

മാർമ്മല വെള്ളച്ചാട്ടം വിനോദ സഞ്ചാര കേന്ദ്രത്തിലെ പിരിവ് തുകകൾ രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഫെഡറൽ ബാങ്ക്, തീക്കോയി ശാഖയിലെ 13200100077610 നമ്പർ അക്കൗണ്ടിലേക്ക് UPI പേയ്മെന്റ് ആയി വരുന്ന തുകകൾ വാർഷിക ധനകാര്യ പത്രികയിൽ വരവിനത്തിൽ ഉൾപ്പെടുന്നില്ല. UPI പേയ്മെന്റ് തുകകൾ കൂടി വരവിനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-11 ബി 9 ഷെഡ്യൂളിലെ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല**

ബി 9 ഷെഡ്യൂളിൽ 350400999 – Refund Of Unutilised Grants – Prior Period എന്ന ഹെഡിലെ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് 21.03.2023 ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 30.01.2024 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 890924.00 | 890924.00 |
| വരവ് | 146122500.00 | 146997500.00 |
| ആകെ | 147013424.00 | 147888424.00 |
| ചെലവ് | 144867499.00 | 145632499.00 |
| നീക്കിയിരിപ്പ് | 2145925.00 | 2255925.00 |

**1-3 സാമ്പത്തിക വിശകലനം**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2022-23**

| | |
|---|---|
| മുന്നിരിപ്പ് (01/04/2023) | 8213663/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 23850106/- |
| ആകെ | 32063769/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 22927300/- |
| നീക്കിയിരിപ്പ് (31/03/2024) | 9136469/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 65095699/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 70160288/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 5064589/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 44075/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 5108664/- |

**ഓഡിറ്റ് പ്രത്യവലോകനം 2023-24**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1557316/- |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11498000 | 11498000 | 9741470 | 1756530 | 84.7 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1417000 | 1417000 | 949076 | 467924 | 67 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 692000 | 692000 | 472773 | 219227 | 68.32 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8349350 | 8349350 | 4274008 | 4075342 | 51 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2135400 | 2135400 | 2135078 | 322 | 99.98 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 1012980 | 1428000 | 2440980 | 1374277 | 1066703 | 56.3 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 238027 | * 1948603 | 2186630 | 1949095 | 237535 | 89 |
| ഐ.സി.ഡി.എസ് | 711236 | 714906 | 1426142 | 900000 | 526142 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 65542 | 0 | 65542 | 0 | 65542 | |
| കുടിവെള്ള പദ്ധതി ഗ്രാന്റ് | 602453 | 376630 | 979083 | 227552 | 751531 | |
| സാക്ഷരത | 1886 | 75 | 1961 | 0 | 1961 | |
| സമ്പൂർണ്ണ ശുചിത്വം | 25000 | 0 | 25000 | 0 | 25000 | |
| ലൈഫ്-സംസ്ഥാന വിഹിതം | 710000 | 2340000 | 3050000 | 2420000 | 630000 | |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മൽപുരസ്ക്കാർ | 10650 | 0 | 10650 | 0 | 10650 | |
| ജലനിധി | 738561 | 20187 | 758748 | 0 | 758748 | |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 2744 | 626033 | 628777 | 148456 | 480321 | |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററേഴ്സ്) | 1040 | 281076 | 282116 | 0 | 282116 | |

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 44603 രൂപ ഉൾപ്പെടെ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1967163 രൂപ, 85132 രൂപ, 198881 രൂപ KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു, മെയിന്റനൻസ് ഗ്രാന്റുകളുടെ മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡു ലഭിച്ചിട്ടില്ല.

3. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 44603/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

**1-5 പദ്ധതിഅവലോകനം**

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 06.02.2023 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 29.01.2024 ലെ 83898/23/DPC/DPO/KTM നമ്പർ

ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.
വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 1(1)/ 09.12.2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 13.12.2022 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 18.12.2022 മുതൽ 04.01.2023 വരെ |
| ആസൂത്രണസമിതി യോഗം | 12.12.2022 |
| വികസനസെമിനാർ | 13.01.2023 |
| ഗുണഭോക്തൃതതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 28.05.2023, മുതൽ 06.06.2023 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 06.06.2023, 13.012.2023 |
| ഊരുകൂട്ടം | 06.06.2023, 13.012.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 186 | 92541846 | 103 | 31670537 | 83 | 55.37 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള | ആകെ ചെലവ് |
|---|---|---|---|---|

| | എണ്ണം | | പ്രോജക്ടുകളുടെ എണ്ണം | |
|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 1283540 | 8 | 1071419 |
| വെറ്റിനറി സർജൻ | 10 | 3548200 | 5 | 1244700 |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 14 | 4368915 | 10 | 1579677 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 550000 | 2 | 519794 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 380000 | 3 | 368814 |
| വി.ഇ.ഒ | 29 | 44174788 | 21 | 12018629 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 3389000 | 7 | 2951297 |
| സെക്രട്ടറി | 44 | 9743712 | 27 | 5660911 |
| അസിസ്റ്റന്റ് എൻജിനീയർ | 65 | 24103691 | 18 | 5663480 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1000000 | 2 | 591816 |
| ആകെ | 186 | 92541846 | 103 | 31670537 |

**6519345/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

**2023-24** വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 6519345/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 11498000 | 9741470 | 1756530 |
| വികസന ഫണ്ട് | 1417000 | 949076 | 467924 |

| | | | |
|---|---|---|---|
| (എസ്.സി.പി) | | | |
| വികസന ഫണ്ട് (ട്രി.എസ്.പി) | 692000 | 472773 | 219227 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8349350 | 4274008 | 4075342 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2135400 | 2135078 | 322 |
| ആകെ | | | 6519345 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 65 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- <u>നിക്ഷേപ പ്രവൃത്തികൾ- 5299096 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 5299096/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 2615239/- രൂപയുടെ വിനിയോഗ വിവരവും, പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച 580000/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 783000/- രൂപയുടെ വിനിയോഗ വിവരവും, മറ്റ് അക്രഡിറ്റഡ് ഏജൻസികളിൽ നിക്ഷേപിച്ച 1320857/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം

ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 15 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 163 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 85 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കി. 25486 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 82 അയൽക്കൂട്ടങ്ങളിൽ 22 എണ്ണം തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 401 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കല്ലുകയ്യാല, വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 116 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 9080704 |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 503196 |
| ആകെ വരവ് | | 9584016 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 8337131 |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 139150 |
| | സാധന വില, വാടക, ബാങ്ക് ചാർജ് | 604423 |
| | ഭരണ ചെലവുകൾ | 500689 |
| ആകെ ചെലവ് | | 9581393 |
| | നീക്കിയിരിപ്പ് | 2623 |

**1-7 ക്ഷേമപദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1801000 | 166 |
| വിധവാ പെൻഷൻ | 3080100 | 297 |
| വാർദ്ധക്യകാല പെൻഷൻ | 9358600 | 950 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1446000 | 137 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 194600 | 17 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി തീക്കോയി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 24.07.2024 തീയതിയിൽ 03.00 പി എം സമയത്ത് നടത്തുകയുണ്ടായി. 1968/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവേ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ചെലവ് വൗച്ചറുകൾ പ്രിന്റു ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഭരണസമിതിയുടെയും ജീവനക്കാരുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി നികുതികൾ 100% പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. വരവിനങ്ങളുടെ

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായും അപകടങ്ങൾ ഒഴിവാക്കാനുള്ള കളക്ടറുടെ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ മാർമല ടൂറിസം പദ്ധതിയ്ക്കായി തുക ചെലവഴിക്കുകയും ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ നിന്നുമുള്ള വരുമാനം രസീത് മുഖാന്തിരം പിരിച്ച് ഫെഡറൽ ബാങ്കിന്റെ അക്കൗണ്ടിൽ അടവാക്കി വരുന്നുണ്ട്. വരവ് തുകകൾ പിരിച്ച ദിവസം തന്നെയോ അടുത്ത പ്രവൃത്തി ദിവസമോ അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും രസീത് കൗണ്ടറിൽ മേൽ പരിശോധന നടത്തേണ്ടതുമാണ്. മാർമല ടൂറിസത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതൽ തുക പദ്ധതിക്കായി ചെലവഴിക്കേണ്ട സാഹചര്യമുണ്ട്. വരുമാനവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ട്. സ്ഥാപനങ്ങളിലേക്ക് ഒടുക്കുവാനുള്ള തുകകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഇപ്രകാരമുള്ള വിനിമയങ്ങളുടെ സുതാര്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭ്യമായതിൽ തുക ലാപ്സാകുന്നതിനിടയാക്കി. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പരസ്പര ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2018 – 22.02.2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)11/8A-2781/380 തീയതി 12.04.18 |
| പെർഫോർമൻസ് ഓഡിറ്റ് | 10.08.2022 – 11.08.2022 | 1/2022 മുതൽ 3/2022 വരെ | ലഭിച്ചിട്ടില്ല |

## 1-11 റിസോർട്ടിന്റെ വസ്തുനികുതി നിർണയം അപാകതകൾ

ശ്രീ ബാബു പരമേശ്വരൻ എന്ന വ്യക്തിയുടെ പേരിലുള്ള 311.1 ച.മീ. വിസ്തീർണ്ണമുള്ള റിസോർട്ട് കോട്ടേജിന് കെട്ടിട നം. 7/279 A ആയി തൻവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. പ്ലോട്ടിൽ പ്ലാൻ പ്രകാരം 11 കെട്ടിടങ്ങളാണുള്ളതെന്ന് കാണുന്നു. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള റിസോർട്ട് കോട്ടേജുകൾക്കൊപ്പം കെട്ടിട നം 7/279 നോട് ചേർന്ന് ഏകദേശം 75 ച.മീ. വിസ്തീർണ്ണമുള്ള സ്വിമ്മിംഗ് പൂൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടത്തിൽ ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് സ്വിമ്മിങ് പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ സ്വിമ്മിങ് പൂൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

2. റിസോർട്ട് സ്ഥാപിച്ചിട്ടുള്ള പ്ലോട്ടിലേക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള ഈരാറ്റുപേട്ട -വാഗമൺ റോഡിൽ നിന്നാണ് പ്രവേശനം എന്നു കാണുന്നു. എന്നാൽ കെട്ടിടങ്ങൾക്കൊന്നും വഴിയുടെ അടിസ്ഥാനത്തിൽ വരുത്തേണ്ട 20% വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് കാണുന്നു.

3. ഒരേ പ്ലോട്ടിലെ വ്യത്യസ്ത കോട്ടേജുകളെ പ്രഥമം, ദ്വിതീയം എന്നീ രണ്ട് മേഖലകളായി തിരിച്ച് നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ മേഖല ദ്വിതീയമായി കണക്കിലെടുത്ത് നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് 10 % ഇളവ് വസ്തുനികുതിയിൽ ലഭിച്ചിട്ടുണ്ടെന്നു കാണുന്നു (7/282 D, 282 G,282 Fഎന്നിവ പ്രഥമ മേഖലയായും അവശേഷിക്കുന്ന 7/282 A,B,C, 7/282, 7/281, 7/280, 7/279, 7/279 A എന്നിവ ദ്വിതീയമേഖലയായുമാണ് കണക്കാക്കിയിട്ടുള്ളത്).

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/30.7.24) സ്ഥല പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി പരിഷ്കരണം-പൂർത്തിയായില്ല

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണത്തോടൊപ്പം നിലവിൽ പഞ്ചായത്തിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി ആവശ്യമായ ഫീൽഡ് പരിശോധനയിലൂടെ വിവരം ശേഖരിക്കുന്നതിനും 30.6.23 ന് മുമ്പായി പൂർത്തിയാക്കുന്നതിനും നിർദേശിച്ചിരുന്നു. വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി യോഗ്യതയുള്ളവരെ നിയമിക്കേണ്ടതാണെന്നും വിവരശേഖരണം ഏത് വിധത്തിൽ ലഭ്യമാക്കിയാലും സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന

മുറയ്ക്ക് 10 ശതമാനത്തിൽ കുറയാത്ത എണ്ണം കെട്ടിടങ്ങളുടെ വിവരം സെക്രട്ടറിമാർ ചുമതലപ്പെടുത്തുന്ന ഉദ്യാഗസ്ഥർ നേരിട്ട് പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനുള്ള നിർദേശം നൽകിയിട്ടുള്ളതാണ്. വിവരശേഖരണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും 10 ശതമാനം കെട്ടിടങ്ങളുടെ മേൽ പരിശോധന നടത്തി വിവരശേഖരണത്തിന്റെ കൃത്യത ഉറപ്പാക്കിയത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/27.7.24) ഫീൽഡ് പരിശോധനയ്ക്ക് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കാൻ നടപടികൾ ആരംഭിച്ചിരുന്നെങ്കിലും സർക്കാർ അനുവദിച്ചിട്ടുള്ള റെമ്യൂണറേഷൻ കുറവായതിനാൽ ആരും ജോലിയിൽ പ്രവേശിക്കാൻ സന്നദ്ധരായില്ലെന്നും ജോലി ചെയ്യാൻ സന്നദ്ധനായി വന്ന വ്യക്തി ഏതാനും കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ ശേഷം ജോലി തുടരാതെ ഉപേക്ഷിക്കുകയും ചെയ്തതാണെന്നും സഞ്ചയയിൽ ശേഖരിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യാനുള്ള സാങ്കേതിക നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടില്ലാത്തതിനാൽ വിവരങ്ങൾ ചേർക്കാനായിട്ടില്ലെന്നും മറുപടി ലഭിച്ചു. നിലവിൽ റെമ്യൂണറേഷൻ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് വന്നിട്ടുള്ളതിനാൽ അടിയന്തിരമായി മാറ്റം വന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരശേഖരണവും മേൽപരിശോധനയും നടത്തി വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 2023-24 ൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല**

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 15/09/2023 ലെ 2/1 തീരുമാനത്തിൽ നികുതി നിരക്കുകൾ പരിഷ്കരിച്ചു. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്ക് (300 ച.മീ. വരെയുള്ളത്) 6 ൽ നിന്നും 7 ആയി പരിഷ്കരിച്ചു. മറ്റുള്ള ഉപയോഗക്രമത്തിലുള്ളവയ്ക്കും നിരക്ക് നിശ്ചയിച്ച് അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്കും പരിഷ്കരിക്കാത്ത നികുതിയുടെ 5% അധികം മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്നാണ് വ്യക്തമാകുന്നത്. ഏതാനും ഉപയോഗക്രമത്തിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക്(രൂപ) | നിർണ്ണയിക്കേണ്ട നിരക്ക്(രൂപ) (പുതുക്കിയത്) | വ്യത്യാസം(രൂപ) ചതുരശ്ര മീറ്ററിന് |
|---|---|---|---|

| | | | |
|---|---|---|---|
| പാർപ്പിടാവശ്യം (300 ച.മീ. വരെയുള്ളവ) | 6.3 | 7 | 0.7 |
| 100 ച.മീ. വരെയുള്ള വാണിജ്യാവശ്യം | 42 | 60 | 18 |
| 100 ച.മീ. മുകളിലുള്ള വാണിജ്യാവശ്യം | 52.5 | 70 | 17.5 |
| റിസോർട്ടുകൾ | 84 | 95 | 11 |
| അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 31.5 | 35 | 3.5 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 52.5 | 55 | 2.5 |

പരിഷ്ക്കരിക്കാത്ത നികുതിയുടെ 5% ഉയർന്ന നിരക്കിൽ മാത്രം ഇപ്രകാരം നികുതി നിർണയിച്ചതിനാൽ നികുതി നിർണയത്തിൽ കുറവുണ്ടായ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം., കെട്ടിട ഉടമ | ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിലവിൽ നിർണ്ണയിച്ച നികുതി (5% നിരക്ക് വർദ്ധന ഉൾപ്പെടെ) | പരിഷ്ക്കരിച്ച നിരക്കിൽ നിർണ്ണയി ക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|
| 1 | 2/274 D,E ഹസീന ഷാജിദീൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 97.5 | 5160 (20 % വർദ്ധനവ് -വഴി, 5% LC എന്നിവയ്ക്ക് ശേഷം) | 7371 |
| 2 | 7/272 I, സിജി സാജൻ | റിസോർട്ടുകൾ | 65.1 | 5170 (10% ഇളവ്-മേൽക്കൂര, 5% LC ഉൾപ്പെടെ) | 5844 |

| | | | | | |
|---|---|---|---|---|---|
| 3 | 2/279 A, ബാബു പരമേശ്വരൻ | റിസോർട്ടുകൾ | 311.1 | 21953 (10% ഇളവ്-മേഖല, 10% ഇളവ് മേൽക്കൂര, 5% LC ഉൾപ്പെടെ) | 24826 |
| 4 | 7/179 A, വാഗമൺ കാത്തലിക് ചർച്ച് | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ, (കൺവെൻഷൻ സെന്ററർ) | 1690.82 | 61518 (10 % ഇളവ് -മേഖല, 20% വഴി-റോഡ്, 5% LC എന്നിവയ്ക്ക് ശേഷം) | 68351 |
| 5 | 11/129 A, മുഹമ്മദ് അൻവാർ കെ.എസ്. | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 295.53 | 17922 (10 % ഇളവ് -മേഖല, 20% വർദ്ധനവ് -റോഡ്, 5% LC എന്നിവയ്ക്ക് ശേഷം) | 18774 |
| 6 | 11/253 B, അബ്ദുൾ റഷീദ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50.95 | 2698 (20% വർദ്ധനവ് -റോഡ്, 5% LC എന്നിവയ്ക്ക് ശേഷം) | 3852 |
| 7 | 11/196 A, പി.സി.ജേക്കബ് | പാർപ്പിടാവശ്യം | 313.09 | 2384 (15 % വർദ്ധനവ് -മേൽത്തരം തറ, 5% LC എന്നിവയ്ക്ക് ശേഷം) | 2646 |
| 8 | 13/126 C, ഫാത്തിമ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ | 178 | 9813 (5% LC ഉൾപ്പെടെ) | 11214 |

| | | | | | |
|---|---|---|---|---|---|
| | ഐഷ | വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | | | |

ഇപ്രകാരം പഴയ നികുതി നിരക്കിൽ 01/04/2023 നു ശേഷം നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടാകുന്നതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/27.7.24) നികുതി പുനർനിർണയിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. മേൽ കെട്ടിടങ്ങളുടെയും പരിഷ്കരണത്തിൽ അപാകത സംഭവിച്ചിട്ടുള്ള മറ്റ് കെട്ടിടങ്ങളുടെയും നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

1. തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ഷാജി മാത്യു |
| 2. | നീലേഷ് എബ്രഹാം |
| 3. | ജോമി മാത്യു |
| 4. | റ്റി എ സുലൈമാൻ |
| 5. | ടോജു ജോസഫ് |
| 6. | ഡെന്നി ജോസ് |

2. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. മേൽ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/29.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

**1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2023-24 വർഷം താഴെപ്പറയുന്നവ ലോഡ്ജിംഗ് ഹൗസുകളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ഗ്രീൻ ബെൽസ് റിസോർട്ട്
2. വില്ലോ ഹൗസ്
3. വാഗോ ക്യാമ്പിംഗ്
4. ഗ്ലാഷസ് ബൈ ഇസാൻ
5. മിസ്റ്റി ഹൈറ്റ്സ്
6. ഗ്രീൻ ഗാർഡൻസ്
7. ജെ മൗണ്ട് റിസോർട്സ്
8. താബോർ ഹിൽസ് റിസോർട്ട്സ്
9. കാസാ വാഗാ റിസോർട്സ്
10. റോയൽ വാഗാ റിസോർട്ട്സ്
11. വില്ലോ ഹൗസ്
12. സ്റ്റോൺ ഹൗസ്
13. വിന്റർ ക്രിസ്റ്റൽ
14. ഓഡ്മോർ റിസോർട്ട്സ്
15. വൈറ്റ് ഹൗസ് റിസോർട്ട്സ്
16. ഡ്രീം പാലസ്
17. ഹിൽ മങ്ക്
18. ഗ്രീൻ വ്യൂ എക്സ്പ്ലോർ

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/29.07.2024) മറുപടി

ലഭ്യമായിട്ടില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-16 ലൈസൻസില്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ് , 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ നടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല. തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ടുകൾ എന്ന ഉപയോഗക്രമങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുത്തതായി രേഖകളില്ല.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | VII/ 117, 121, 122, 123 | ഡോ. കുര്യൻ ജോസഫ് | റിസോർട്ടുകൾ |
| 2 | VII/ 272 J, K, L | അനീഷ് വി കെ | റിസോർട്ടുകൾ |

ഇപ്രകാരം ലൈസൻസില്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/30.07.2024) മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

**1-17 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 56 പ്രകാരം ധാന്യങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. തീക്കോയി ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ, ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/29.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ പ്രവർത്തനത്തിന് ലൈസൻസ് ആവശ്യമായ എല്ലാത്തരം സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ

കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-18 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- തുടർ പ്രവർത്തനങ്ങൾ പൂർത്തിയായില്ല**

| | |
|---|---|
| പ്രോജക്ട് നം. | 128/24 |
| അടങ്കൽ തുക | വികസനഫണ്ട്<br>-195000 +<br>തനതു ഫണ്ട് – 9900 |
| ചെലവ് തുക | 9900(തനത് ഫണ്ട്) |
| ബിൽ നം. | 241/24.03.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി മേൽ പ്രോജക്ട് പ്രകാരം തൻ വർഷം 9900 രൂപ കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള തുടർനടപടികളും സേവനങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമായത് ഉൾപ്പെടെയുള്ള പ്രോജക്ടിന്റെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/29.07.24) മറുപടിയായി അവശേഷിക്കുന്ന തുകയായ 195000 രൂപ കൂടി 221/16.05.24 നമ്പർ ബിൽ പ്രകാരം 2024-25 ൽ കെൽട്രോണിന് നൽകിയിട്ടുണ്ടെന്നും ആയതിൻ പ്രകാരം ലാപ്ടോപ് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്നും സ്ഥാപനങ്ങളിലും വീടുകളിലും പതിക്കുന്നതിലേക്ക് ലഭ്യമാക്കിയ QR കോഡുകൾ ഹരിതകർമ്മ സേനാംഗങ്ങൾ മുഖേന 40 ശതമാനത്തോളം പതിച്ചിട്ടുണ്ടെന്നും ആറുമാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. പദ്ധതി പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ തൻ വർഷം ചെലവഴിച്ച 9900 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-19 ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു**

ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം മുതൽ തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | നാളിതു വരെ കൈപ്പറ്റിയ തുക | നിലവിലെ ഘട്ടം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | രാധ കൃഷ്ണൻകുട്ടി,പനയ്ക്കൽ | 350000 | മേൽക്കൂര |
| 2 | ബിനുമോൻ ടി എസ്, തൊമരക്കാക്കുഴിയിൽ | 350000 | മേൽക്കൂര |
| 3 | സജിമോൻ പി കെ, പൊട്ടംപ്ലാക്കൽ | 379227 | മേൽക്കൂര |
| 4 | നിഷ സജി ,പുളിമൂട്ടിൽ | 100000 | ബേസ് മെന്റ് |
| 5 | തോമസ് ദേവികുളത്ത് | 310000 | ലിന്റൽ |
| 6 | ശാരിമോൾ കെ ശശി,കൊച്ചുവീട്ടിൽ | 300000 | ലിന്റൽ |
| 7 | ആതിരമോൾ.എം.ആർ, പാറമറ്റം | 200000 | ബേസ് മെന്റ് |
| 8 | സന്ധ്യമോഹൻ ,വടക്കേൽ | 394026 | മേൽക്കൂര |
| 9 | അമ്മുക്കുട്ടി സുകുമാരൻ,മുട്ടത്തിൽ | 300000 | മേൽക്കൂര |
| 10 | പൊന്നമ്മ,വരിക്കമൊക്കൽ | 300000 | ലിന്റൽ |
| 11 | ജയശ്രീ സോമൻ, കണ്ടൻ കോരിയിൽ | 40000 | അഡ്വാൻസ് |
| 12 | ശ്രീദേവി,സുരേഷ്ഭവൻ | 350000 | മേൽക്കൂര |
| 13 | ജെസ്സി ജോർജ്ജ്, ചന്ദ്രാഴത്ത് | 470000 | മേൽക്കൂര |
| 14 | രാജമ്മ കുമാരൻ,ഇട്ടുകുന്നേൽ | 350000 | മേൽക്കൂര |
| 15 | ആനിയമ്മ ജോർജ്ജ്,തെക്കേൽ | 140000 | ബേസ് മെന്റ് |
| 16 | ജയറാണി.ആർ,പാറയിൽ | 40000 | അഡ്വാൻസ് |
| 17 | സന്ധ്യാ ബാബുരാജ്, | 300000 | ലിന്റൽ |

| | | | |
|---|---|---|---|
| | കുന്നുംപുറത്ത് | | |
| 18 | ലില്ലിക്കുട്ടി ജേക്കബ്, നിലപ്പനാക്കൽ | 40000 | അഡ്വാൻസ് |
| 19 | ഭാർഗ്ഗവി ഗോപാലൻ, കോട്ടുക്കുന്നേൽ | 140000 | ബേസ് മെന്റ് |
| 20 | രത്നമ്മ കരുണാകരൻ, കുഴിപ്പറമ്പിൽ | 300000 | ലിന്റൽ |
| 21 | ലില്ലി ദേവരാജൻ, മിനിവിലാസത്തിൽ | 300000 | ലിന്റൽ |
| 22 | ഡെയ്സി രാജു,മുടകരയിൽ | 40000 | അഡ്വാൻസ് |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപകൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-20 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം., പേര് | 169/24, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ തുക | 400000 (എസ്.സി.പി) |
| ചെലവ് | 180000 (എസ്.സി.പി) |
| ബിൽ നം. | 60000- 162/10.01.24<br>120000– 169/18.01.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി മേൽ പ്രോജക്ട് പ്രകാരം തൻ വർഷം രണ്ട് ഗുണഭോക്താക്കൾക്ക് രണ്ട് ഗഡുക്കളായി 90000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ നാളിതുവരെ മുറി നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/29.07.24) മേൽ പ്രതിപാദിച്ച 2 പഠനമുറികളും പൂർത്തീകരണ ഘട്ടത്തിലാണെന്നും വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി

തുക കൂടി നൽകി പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. പഠനമുറി നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് നൽകി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-21 ലൈഫ് ഭവനപദ്ധതി- മുൻകാലങ്ങളിൽ കരാർ വെച്ച ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയില്ല**

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ വർഷങ്ങളിൽ കരാർ വെച്ച് തുക കൈമാറിയിട്ടുള്ള 4 ഗുണഭോക്താക്കൾ നാളിതുവരെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കി നാളിതുവരെ മുഴുവൻ തുകയും കൈപ്പറ്റാത്തത് സംബന്ധിച്ചും വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.24/30.07.24) ലഭ്യമാക്കിയ മറുപടിയുൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | എഗ്രിമെന്റ് വെച്ച വർഷം | നാളിതുവരെ നൽകിയ തുക | പൂർത്തിയായ ഘട്ടം | അവസാനം തുക നൽകിയ തീയതി | നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|---|
| 1 | മോളി മാത്യു, മുതുപറകുന്നേൽ | 2018-19 | 200000 | ലിന്റൽ | 07.01.19 | കുടുബാംഗങ്ങൾ തമ്മിലുള്ള വസ്തു തർക്കം മൂലം ആറുമാസത്തോളം ഭവന നിർമ്മാണം മുടങ്ങിയിരുന്നു. നിലവിൽ ഗുണഭോക്താവ് സ്വന്തം നിലയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ് |
| 2 | സിജി ശ്രീനിവാസൻ, പതിയംചാലിൽ | 2018-19 | 350000 | മേൽക്കൂര | 24.02.20 | അതിർത്തി തർക്കം മൂലം സാധന സാമഗ്രികൾ ബന്ധപ്പെട്ട സ്ഥലത്ത് എത്തിക്കാൻ സാധിക്കാത്തത് കൊണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. നിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 3 | അച്ചാമ്മ, പറമ്പിൽ | 2019-20 | 350000 | മേൽക്കൂര | 27.08.22 | നിലവിൽ ഭവന നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ഒരു മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു അനുവദിക്കുന്നതാണ്. |
| 4 | സിനി ഇരവി, നെടുമല(മുപ്പതേക്കർ) | 2020-21 | 210000 | ബേസ്മെന്റ് | 18.08.21 | നിർമ്മാണത്തിൽ കാലതാമസം നേരിട്ടതിനാൽ ഭവന നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നത് സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ആറു മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. |

ആദ്യ ഗഡു കൈപ്പറ്റി 5 വർഷം കഴിഞ്ഞിട്ടും വീട് പണി പൂർത്തിയാക്കാത്ത നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ ഗുണഭോക്താക്കളുടെ വീട് പണി കൃത്യമായി നിരീക്ഷിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ നൽകിയ തുക തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ

വിവരം ഓഡിറ്റിൽ അറയിക്കേണ്ടതാണ്.

**1-22 ആർദ്രം പദ്ധതി - എൻ.എച്ച്.എമ്മിന് വിഹിതം കൈമാറൽ - വിനിയോഗ വിവരം ലഭ്യമായില്ല**

ആർദ്രം പദ്ധതിയുടെ ഭാഗമായി തീക്കോയി പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിലേയ്ക്കായി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) തയ്യാറാക്കിയ പ്രോജക്ട് പ്രകാരം (136/2024) തൻവർഷം 100000രൂപ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും എൻ.എച്ച്.എമ്മിന് കൈമാറിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെലവ് തുക, ബിൽ നം., തീയതി | 100000/- 16/2.6.23 |

കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/27.7.24) വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നത് വരെ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം. പേര് | 101/23-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 300000/-മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ചെലവ് തുക | 300000/-മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| ബിൽ നം., തീയതി | 03/15.12.2023 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പൊതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 300000/- രൂ നൽകിയിരുന്നു.
ഇൻവോയിസ് നം. LF 2995 തീയതി 20.02.2024 പ്രകാരം 131465/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി 168535/- രൂപയ്ക്കുള്ള മരുന്നുകളുടെ ലഭ്യതാവിവരം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/27.07.2024) മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 168535/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല**

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രേഖകളിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ പ്രവൃത്തിയ്ക്ക് 200000/- രൂപയുടെ ഇൻഷുറൻസ് എടുക്കണമെന്നും പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ആയത് അസിസ്റ്റന്റ് എൻജിനീയർക്ക് സമർപ്പിക്കണമെന്നും സെലക്ഷൻ നോട്ടീസിലെ 6-ാം വ്യവസ്ഥയിൽ പറയുന്നു. ഇൻഷുറൻസ് രേഖകൾ സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% ബിൽ തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്തിട്ടുണ്ട് എങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ (15/29.7.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചു. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-25 ഇ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല**

തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ വഴിയാണ് നടപ്പാക്കിയത്. ഇ ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീ, LID & EW വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിരുന്നത്. എന്നാൽ ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (6/26.7.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയ്ക്കൊപ്പം ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്ന അക്കൗണ്ടിന്റെ പാസ്സ് ബുക്ക് ഹാജരാക്കി (അക്കൗണ്ട് നം. 37198336633, എസ്.ബി.ഐ, ഈരാറ്റുപേട്ട ടൗൺ ബ്രാഞ്ച്). ഈ അക്കൗണ്ടിൽ 31.3.24 ൽ 63925 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.

ടെണ്ടർ ഫീ ഇനത്തിൽ ടി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-26 കാലി ബാരൽ വില, ജി.എസ്.റ്റി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല**

തീക്കോയി ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വിലയും ജി.എസ്.റ്റിയും ഉൾപ്പടെയുള്ള തുകകൾ ഈടാക്കി സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രജക്ട് നം, പേര് | ബാരൽ വില, ജി.എസ്.റ്റി | ക്രഡിറ്റ് ചെയ്ത തീയതി |
|---|---|---|---|
| 1 | 156/24 വഴിക്കടവ് നാട്നോക്കി മലമേൽ മാടത്താനി റോഡ് കോൺക്രീറ്റിംഗ്, ഐറിഷ് ഡ്രയിൻ, റീ ടാറിംഗ് | ബാരൽ വില- 7409 ജി.എസ്.റ്റി-1333 ആകെ- 8742 | 26.6.23 |
| 2 | 158/24 കല്ലം വേലത്തുശ്ശേരി റോഡ് റീ ടാറിംഗ്, ഐറിഷ് ഡ്രയിൻ, കലുങ്ക് നിർമ്മാണം. | ബാരൽ വില- 4541 ജി.എസ്.റ്റി- 817 ആകെ- 5358 | 27.6.23 |
| 3 | 162/24 തുമ്പശ്ശേരി ഒറ്റയീട്ടി റോഡ് റീ ടാറിംഗ് | ബാരൽ വില- 956 ജി.എസ്.റ്റി- 172 ആകെ- 1128 | 5.7.23 |
| 4 | 163/24 ഞണ്ടുകല്ല് | ബാരൽ വില- 2868 ജി.എസ്.റ്റി- | 26.6.23 |

| | | | |
|---|---|---|---|
| | മക്കൊള്ളി റോഡ് റീ ടാറിംഗ് | 516<br>ആകെ- 3384 | |
| | ആകെ | ബാരൽ വില- 15774/-<br>ജി.എസ്.റ്റി- 2838/-<br>ആകെ- 18612/- | |

കാലി ബാരലുകളുടെ വിലയും ജി.എസ്.റ്റിയും സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (2/26.07.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കാലി ബാരലുകളുടെ വിലയും ജി.എസ്.റ്റിയും സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-27 കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിട്ടില്ല - പിഴ ഈടാക്കിയിട്ടില്ല**

തീക്കോയി ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾ കരാർ കാലാവധിയിൽ പൂർത്തിയാക്കിയിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിന് കരാറുകാരൻ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചതായോ കാലാവധി ദീർഘിപ്പിച്ചു നൽകിയതായോ സപ്ലിമെന്ററി കരാർ ചമച്ചതായോ കാണുന്നില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണ ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 25 % അഥവാ 6 മാസം ഏതാണോ കുറവ് അത്രയും കാലം കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതാണ്. പരമാവധി ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 50 % ദീർഘിപ്പിച്ചു നൽകാവുന്നതാണ്. സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അസിസ്റ്റന്റ് എൻജിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിയ്ക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതല്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന സംഗതികളിൽ ആദ്യത്തെ 3 മാസത്തിന് PAC യുടെ 1 % ഉം അതിനുശേഷം 2 % ഉം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. പിഴ ഈടാക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | കരാറുകാരൻ | സൈറ്റ് കൈമാറിയ തീയതി, പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | PAC | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 151/24 | സിജോ സി | 6.3.2023, | 09.12.2023 | 316040 | (316040x1/100 + |

| | | | | | |
|---|---|---|---|---|---|
| തീക്കോയി നാഗപാറ റോഡ് സംരക്ഷണഭിത്തി നിർമ്മാണം, പൈപ്പ് കൾവർട്ട്, റീ കോൺക്രീറ്റിംഗ് | കുര്യൻ, നെല്ലുവേലിൽ, തലനാട്. | 4 മാസം (5.7.23വരെ) | | | 316040x2/100x2/3)= 3160+ 4213= 7373 |
| 159/24 പി.എച്ച്. സി. ക്ക് ചുറ്റുമതിൽ | സിജോ സി കുര്യൻ, നെല്ലുവേലിൽ, തലനാട്. | 31.03.2023, 4 മാസം (31.7.23 വരെ) | 31.12.2023 | 315124 | (315124x1/100+ 315124x2/100x2/3 )=3151+ 4201 = 7352 |

കരാറുകരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ചും സപ്ലിമെന്ററി കരാർ ചമച്ചയ്ക്കാതിരുന്നത് സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം 4/26.7.24 ന് മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരനിൽ നിന്നും 14725/-(7373+7352) രൂപ പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-28 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല</u>**

തീക്കോയി ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ).സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 57/24 പഞ്ചായത്ത് | ഡെന്നി ജോസ്, | 23.1.24 | 12.2.24 | 395657/- | 3957/- |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസ് മെയിന്റനൻസ് | ഒറ്റത്തെങ്ങുങ്കൽ, കോണിപ്പാട് | | | | |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (3/26.7.24)-ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥിൽ നിന്നും വിശദീകരണം വാങ്ങി തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 മാലിന്യ സംസ്കരണ പ്രോജക്ടിന് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ നിന്നും തുക ചെലവഴിച്ചത് ക്രമപ്രാരമല്ല

വിവിധ മരാമത്ത് പ്രവൃത്തികളുടെ അധിക തുക നൽകൽ (പ്രോജക്ട് നം. 166/24) എന്ന പ്രോജക്ട് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗം വകയിരുത്തിയാണ് നടപ്പാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിൽ നിന്നും 9197 രൂപ ബിൽ നം. 15/23-24/ 15.2.24 പ്രകാരം കരാറുകാരൻ ശ്രീ ജോമി മാത്യുവിന് നൽകിയിട്ടുണ്ട്. പ്രോജക്ട് നം. 149/24 (ആയുർവ്വേദ ആശുപത്രിക്ക് കമ്പോസ്റ്റ് പിറ്റും വേസ്റ്റ് വാട്ടർ പിറ്റും നിർമ്മാണം) എന്ന പ്രോജക്ടിന്റെ അടങ്കൽ 1,00,000/- രൂപയായിരുന്നു. എന്നാൽ ബിൽ തുക 109,197/- രൂപയും അടങ്കലിൽ അധികമായി വന്ന തുക നൽകുന്നതിനാണ് ശ്രീ ജോമി മാത്യുവിന് 9197/- രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ നിന്നും പ്രോജക്ട് നം. 166/24 ൽ നിന്നും നൽകിയിട്ടുള്ളത്. മാലിന്യ സംസ്കരണ പ്രോജക്ടിന് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഭാഗത്തിൽ നിന്നും തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (5/26.7.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. വ്യക്തമായ വിശദീകരണം രേഖാമൂലം ലഭ്യമാക്കുന്നത് വരെ 9197/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 പ്രോജക്ട് ചെലവുകളുടെ രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

തീക്കോയി ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1) പ്രോജക്ട് നം. 5/24

ടെക്നിക്കൽ അസിസ്റ്റന്റിന് ഹോണറേറിയം

അടങ്കൽ- 387437 രൂപ (വികസന ഫണ്ട് പൊതുവിഭാഗം )

ചെലവ്- 340945 രൂപ.

മേൽ പ്രോജക്ടിന്റെ ആകെ ചെലവായ 340945/- രൂപയിൽ നിന്നും 123980/- രൂപ തനത് ഫണ്ട് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 67291777178, SBI) ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| ബിൽ നം/ തീയതി | തുക |
|---|---|
| 19/23-24/25.11.23 | 61900 |
| 32/23-24/25.03.24 | 62080 |
| ആകെ | 123980 |

2) പ്രോജക്ട് നം. 11/24

പ്രോജക്ട് അസിസ്റ്റന്റിന് വേതനം

അടങ്കൽ- 267480/- രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്- 267480/- രൂപ ( വൗച്ചർ നം. XVFC/23-24/P/7/6.3.24 )

മേൽ പ്രോജക്ട് പ്രകാരമുള്ള ആകെ ചെലവ് 267480/- രൂപയും തനത് ഫണ്ട് അക്കൗണ്ടിലേക്കണ് (അക്കൗണ്ട് നം. 67291777178, SBI) ക്രഡിറ്റ് ചെയ്തിട്ടുള്ളത്.

മേൽ തുകകളുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (21/30.7.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നത് വരെ മേൽ രണ്ട് പ്രോജക്ടുകൾ പ്രകാരം തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത 391460/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം.,പേര് | 9/24.സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ തുക | 245000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 245000 രൂപ (സാംഗ്ഷൻ ഓർഡർ നം. 208/15.3.24) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി. |

തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. പ്രോജക്ട് പ്രകാരം 9 വാട്ട് എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തുന്നതിന് ടെണ്ടർ

ക്ഷണിച്ച് കുറഞ്ഞ നിരക്കായ 154 രൂപ ക്വോട്ട് ചെയ്ത മൂരിയ്ക്കനാട്ടിൽ കൺസൾട്ടൻസി, തിരുവല്ല എന്ന സ്ഥാപനത്തിന് പ്രവൃത്തി ഏൽപ്പിച്ചു നൽകി. സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് നം. 16/20.1.24 പ്രകാരം 1591 സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തിയതിന് ഒരെണ്ണത്തിന് 154 രൂപ നിരക്കിൽ 245014/- രൂപ ആവശ്യപ്പെട്ടു. സ്ഥാപനത്തിന് 245000/- രൂപ അനുവദിച്ചതിൽ ആദായനികുതി 2450/- രൂപ കുറച്ച് 242550/- രൂപ താഴെ പറയും പ്രകാരം നൽകി.

| വൗച്ചർ നം/ തീയതി | തുക |
|---|---|
| XVFC/23-24/P/8/11.3.24 | 71050 |
| XVFC/23-24/P/10/13.3.24 | 73500 |
| XVFC/23-24/P/13/15.3.24 | 73500 |
| XVFC/23-24/P/15/11.3.24 | 24500 |
| ആകെ | 242550/- |

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തിയത് സംബന്ധിച്ച് പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ ലിസ്റ്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ 6-ാം വാർഡിൽ 148 വീതമുള്ള രണ്ട് ലിസ്റ്റ് പ്രകാരം 296 സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തിയതായി ലിസ്റ്റ് വെച്ചിട്ടുണ്ട്. എന്നാൽ ലിസ്റ്റുകൾ പരിശോധിച്ചതിൽ 76 പോസ്റ്റുകൾ ഇരട്ടിപ്പ് വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പോസ്റ്റ് നമ്പർ | എണ്ണം |
|---|---|
| T/EV/ 570 മുതൽ T/EV/ 590 വരെ | 21 |
| T/EV/ 592 മുതൽ T/EV/ 603 വരെ | 12 |
| T/EV/ 607 മുതൽ T/EV/ 649 വരെ | 43 |
| ആകെ | 76 എണ്ണം |

ഇപ്രകാരം 76 പോസ്റ്റുകൾ ഇരട്ടിപ്പ് വന്നതിനാൽ ഒരെണ്ണത്തിന് 154 രൂപ നിരക്കിൽ 11704/- രൂപ (76x154) സ്ഥാപനത്തിന് അധികമായി നൽകിയതായി കാണുന്നു.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (25/30.7.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ വിശദീകരണം രേഖാമൂലം ലഭ്യമാക്കുന്നത് വരെ സ്ഥാപനത്തിന് അധികമായി നൽകിയ 11704/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-32 നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണ/ വിനിയോഗവിവരം ലഭ്യമല്ല**

തീക്കോയി ഗ്രാമ പഞ്ചായത്തിൽ 2023-24വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തിയുടെ പൂർത്തീകരണ/ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല,

| പ്രോജക്ട് നം/ പേര് | നിക്ഷേപിച്ച തുക (രൂപ) | വൗച്ചർ നം/ തീയതി | ഫണ്ടിനം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 10/24 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 259956/-<br>259956/-<br>259956/-<br>86652/- | XVFC/23-24 /P/19/26.3.24<br>XVFC/23-24 /P/20/27.3.24<br>XVFC/23-24 /P/29/28.3.24<br>XVFC/23-24 /P/31/30.3.24 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | KSEB, തീക്കോയി സെക്ഷൻ |
| ആകെ | 866520/- | | | |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ/വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (20/30.7.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കെ. എസ്. ഇ. ബി. യുമായി ബന്ധപ്പെട്ട് പ്രവൃത്തിയുടെ പൂർത്തീകരണ/ വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 866520/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-33 കന്നുകുട്ടി പരിപാലനം- അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം. | 132/24 |
| അടങ്കൽ | 925000/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം ) |
| ചെലവ് | 462500 രൂപ (ബിൽ നം. 4/23-24/29.7.23 ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2023-24 വാർഷിക പദ്ധതയിൽ

നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. 37 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക 462500/- രൂപ (12500x37) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

ഗുണഭോക്താവായ ശ്രീമതി രാധാമണി, പൂവത്താനിയിൽ എന്നയാൾ 9/23, 10/23, 11/23 മാസങ്ങളിലെ കാലിത്തീറ്റ കൈപ്പറ്റിയിന് ശേഷം പദ്ധതിയിൽ നിന്ന് പിൻമാറിയതായി കാണുന്നു. ഇൻഷുറൻസ്, ട്രെയിനിംഗ് ഉൾപ്പടെ ടി ഗുണഭോക്താവിനായി ആകെ ചെലവഴിച്ച സബ്സിഡി തുക 3022 രൂപയാണ്. ടി ഗുണഭോക്താവിന് അനുവദിച്ച സബ്സിഡി തുക 12500 രൂപയിൽ 9478 (12500- 3022) രൂപ വിനിയോഗിക്കാതെ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (23/30.7.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഉള്ള മറുപടിയിൽ അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും ടി തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. 9478/- രൂപ തിരികെ ലഭ്യമാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന നൂതനസംരംഭമാണ് ഹരിതകർമ്മസേന മുഖേനയുള്ള മാലിന്യ സംസ്കരണം. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊലൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്.ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും അതിനൊക്കെ സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ മലയോര മേഖലയിൽ ഉൾപ്പെട്ട തീക്കോയി ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യ ചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിലായി ആകെ ജനസംഖ്യ 10852 ആണ്. ആകെ ആക്ടീവായിട്ടുള്ള

വീടുകൾ 3453 എണ്ണവും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 345 എണ്ണവുമാണ്. 13 വാർഡുകളിലായി 21 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിച്ച് വരുന്നു. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസ്സസ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഡിജിറ്റൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി QR കോഡ് പതിക്കുന്ന നടപടികൾ 40 ശതമാനത്തോളം മാത്രമേ നാളിതുവരെ പൂർത്തിയായിട്ടുള്ളു. ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്ന് വി.ഇ.ഒ അറയിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് 50 രൂപ വീതവും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപ വീതവും റിസോർട്ടുകളിൽ നിന്ന് 250 രൂപ വീതവുമാണ് യൂസർ ഫീ ഈടാക്കുന്നത്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭിക്കുന്നില്ല. എന്നിരുന്നാലും 2023-24 സാമ്പത്തിക വർഷത്തിൽ 80% യൂസർ ഫീ കളക്ഷൻ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. വ്യാജ വാർത്തകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. വീടുകളുടെ എണ്ണത്തിലുള്ള കുറവും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും ഹരിതകർമ്മസേനയുടെ വരുമാനക്കുറവിന് കാരണമാകുന്നുണ്ട്.

**മാലിന്യം കൈമാറ്റം/നീക്കം ചെയ്യലിലെ കാര്യക്ഷമത**

എല്ലാ മാസവും 15-ാം തീയതി മുതൽ 30 വരെയുള്ള ദിവസങ്ങളിൽ വീടുകളിൽനിന്നും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ മിനി എം.സി.എഫുകളിൽ എത്തിക്കുകയും അവിടെ നിന്ന് മെയിൻ എം.സി.എഫിലേക്ക് വാടക വാഹനത്തിൽ മാലിന്യങ്ങൾ എത്തിച്ച് വേർതിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. കൂടാതെ പാതയോരങ്ങൾ,പൊതു ഇടങ്ങൾ,ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലെഗസി മാലിന്യങ്ങൾ വിവിധ ക്യാമ്പയിനുകൾ നടത്തി ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നുണ്ട്.

മാലിന്യശേഖരണത്തിനായി ശുചിത്വമിഷന്റെ നിർദ്ദേശാനുസരണം പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ടി കലണ്ടർ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന മുഖാന്തിരം നൽകുകയും പ്രസ്തുത കലണ്ടർ പ്രകാരം അജൈവ മാലിന്യശേഖരണം നടന്നുവരികയും ചെയ്യുന്നുണ്ട്. കെൽട്രാൺ വഴി ഹരിതമിത്രം ആപ്പിന്റെ പരിശീലനവും സി.കെ.സി.എൽ വഴി മാലിന്യം സെഗ്രിഗേഷൻ പ്രവർത്തനങ്ങളുടെ പരിശീലനവും ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകന യോഗം എല്ലാ മാസവും പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തുകയും വാർഡ് തല ഉദ്യോഗസ്ഥരെ ഓരോ വാർഡുകളിലും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വാർഷിക പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജൈവമാലിന്യ സംസ്ക്കരണ ഉപാധികളും ബയോ ബിന്നുകളും മറ്റും വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ജൈവമാലിന്യ സംസ്ക്കരണ ഉപാധികളുടേയും കമ്പോസ്റ്റ് പിറ്റുകളുടേയും അശാസ്ത്രീയമായ ഉപയോഗം മാലിന്യത്തെ ഉറവിടത്തിൽ സംസ്ക്കരിക്കുന്ന രീതിയ്ക്ക് തടസ്സം നിൽക്കുന്നുണ്ട്. ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സഹായത്തോടെ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

2023-24 വർഷം തദ്ദേശ സ്ഥാപന തല സ്ക്വാഡിന്റെ വിവിധ ഫീൽഡ് തല പരിശോധനയിൽ ശരിയായ മാലിന്യ

സംസ്ക്കരണ രീതിയുടെ അപര്യാപ്തത കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയ വകയിലും മാലിന്യം അലക്ഷ്യമായി വലിച്ചെറിഞ്ഞ വാഹനങ്ങൾക്ക് പിഴ ചുമത്തിയ വകയിലും 36000/- രൂപ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്.

**<u>തൊഴിൽ സാദ്ധ്യത</u>**

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് മാസത്തിൽ ശരാശരി 15 ദിവസം ഓരോ ഹരിതകർമ്മസേനാംഗത്തിനും തൊഴിൽ ലഭ്യമാകുന്നതായി കാണുന്നു. ഓരോ വാർഡുകളിലേയും വീടുകൾ/സ്ഥാപനങ്ങളുടെ എണ്ണത്തിനാനുപാതികമായി പ്രതിമാസം 5000 മുതൽ 18000 രൂപ വരെ വരുമാനവും ലഭ്യമാകുന്നുണ്ട്. ഭൂപ്രകൃതി മൂലം പഞ്ചായത്തിലെ ചില വാർഡുകളിലെ ഭാഗങ്ങളിൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് എത്തിപ്പെടുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഓരോ വാർഡിലെയും ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണവും ശരാശരി മാസ വരുമാനവും ചുവടെ ചേർക്കുന്നു.

| വാർഡ് | എണ്ണം | തുക |
|---|---|---|
| 1 | 1 | 7500 |
| 2 | 1 | 8500 |
| 3 | 2 | 8000 |
| 4 | 2 | 5000 |
| 5 | 2 | 5500 |
| 6 | 1 | 5000 |
| 7 | 2 | 15000 |
| 8 | 2 | 7000 |
| 9 | 2 | 8000 |
| 10 | 2 | 9000 |
| 11 | 1 | 10000 |
| 12 | 1 | 10500 |
| 13 | 2 | 10500 |
| ആകെ | 21 | - |

ജില്ലാ ശുചിത്വ മിഷന്റെ സഹകരണത്തോടെ നോട്ടീസ് അടക്കമുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും വിവിധ സോഷ്യൽ മീഡിയ നവമാദ്ധ്യമങ്ങൾ മുതലായവ വഴി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വിനോദ സഞ്ചാര മേഖലയായ പ്രദേശങ്ങളിൽ ടൂറിസ്റ്റുകൾ മാലിന്യങ്ങൾ വലിച്ചെറിയുന്നത് നീക്കം ചെയ്യുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. മാലിന്യ സംസ്കരണ രീതികളെ കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി 2023-24 വർഷം സ്ക്കൂൾ കുട്ടികൾക്കുള്ള ഏകദിന സെമിനാർ,

ഹരിതസഭ, ഹരിത ഓഡിറ്റ്, ശുചിത്വ സന്ദേശ യാത്ര തുടങ്ങിയ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. വാതിൽപടി ശേഖരണത്തിലെ ന്യൂനതകൾ കണ്ടെത്തി 100% യൂസർ ഫീ കളക്ഷൻ നേടുന്നതിനും സുസ്ഥിര പാഴ് വസ്തു ശേഖരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഹരിത മിഷൻ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതി പൂർണ്ണമായും ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

**<u>അടിസ്ഥാന സൗകര്യങ്ങൾ</u>**

ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വാർഡുകളിലെ അജൈവ മാലിന്യശേഖരണം സുഗമമാക്കുന്നതിന് നിലവിൽ വാഹനം വാങ്ങി നൽകിയിട്ടില്ല. വാഹനം വാടകയ്ക്ക് എടുത്താണ് മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നത് . ഗ്രാമപഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് മാലിന്യങ്ങൾ കൊണ്ടുവരുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. 2024-25 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത ആവശ്യത്തിനായി വാഹനം വാങ്ങുന്നതാണെന്ന് വി.ഇ.ഒ അറയിച്ചിട്ടുണ്ട്.

ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള എം.സി.എഫ് നാലാം വാർഡിൽ മാർമല അരുവിക്കടുത്താണ് സ്ഥിതിചെയ്യുന്നത്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിനായി തയ്യാറാക്കിയ കെട്ടിടം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കാതെ വന്നതിനാൽ നിലവിൽ എം.സി.എഫ് ആയി ഉപയോഗിച്ച് വരികയാണ്. പ്രസ്തുത കെട്ടിടത്തിൽ ടോയ്‌ലറ്റ്, ഓഫീസ് റൂം, സോർട്ടിംഗ് ഏരിയ എന്നിവയുണ്ടെങ്കിലും ആകെ 425 സ്ക്വയർ ഫീറ്റ് സ്ഥല വിസ്തീർണ്ണം മാത്രമുള്ളത് പരിമിതിയാണ്.




നിലവിൽ എം.സി.എഫിൽ 4 ഫയർ എക്സ്റ്റിൻഗ്യൂഷർ സ്ഥാപിക്കുകയും അതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ജീവൻ രക്ഷാ ഉപകരണങ്ങളും മാസ്ക്ക്, ഗംബൂട്ട്, ഗ്ലൗസ്, സേഫ്റ്റി ഹെൽമെറ്റ്, ഫസ്റ്റ് എയ്ഡ്കിറ്റ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. അഗ്നിബാധ നേരിടുന്നതിന് ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2024-25 വർഷം നിലവിലുള്ള

എം.സി.എഫിന്റെ മെയിന്റനൻസ് നടത്തുവാനും ഏരിയ കൂട്ടുന്നതിനുമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതാണെന്നും എം.സി.എഫിന്റെ സുരക്ഷക്കായി പ്രദേശം പൂർണ്ണമായി ലഭിക്കുന്ന രീതിയിൽ സി.സി.റ്റി.വി സംവിധാനം ഈ വർഷം തന്നെ സ്ഥാപിക്കുന്നതാണെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.
ക്ലീൻ കേരള കമ്പനി മുഖേന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ചില മാസങ്ങളിൽ കാല താമസം നേരിടുന്നതായി വി.ഇ.ഒ അറിയിച്ചു. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങളെ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതും ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യേണ്ടതുമാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

ഹരിതകർമ്മസേനയിലൂടെയും ഇതരമാർഗ്ഗങ്ങളിലൂടെയും ഗ്രാമപഞ്ചായത്ത് നടത്തികൊണ്ടിരിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ സമ്പൂർണ്ണ മാലിന്യമുക്ത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതും സാങ്കേതികവിദ്യകൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നും സൗകര്യപ്രദമായ എം സി എഫ് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഈ മേഖലയിൽ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തേണ്ടതും സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൻമേലുള്ള വിപുലമായ താൽപര്യം അതേ ഗൗരവത്തിൽ ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണം കാര്യക്ഷമമാക്കി ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിന് ഹരിത കർമ്മസേനയെ പ്രാപ്തരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2023-24 | 25.06.2024 | 27.07.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 117/23-24 സ്ഥിരം കൃഷിക്ക് കൂലി ചിലവ് സബ്സിഡി | 100000 | 100000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 52/23-24 പാലിയേറ്റീവ് | 100000 | 100000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 75/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് ടി സ്ഥലം വാങ്ങൽ ഉൾപ്പെടെ | 410000 | 410000 | 0 |

| | | | | |
|---|---|---|---|---|
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 74/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് സി | 360000 | 360000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 73/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ | 1610000 | 1610000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 89/23-24 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 158000 | 158000 | 0 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 100/23-24 ക്ഷീരകർഷകർ അളക്കുന്ന പാലിന് സബ്സിഡി | 91816 | 91816 | 0 |
| | ആകെ | **2829816/-** | **2829816/-** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 75/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് ടി സ്ഥലം വാങ്ങൽ ഉൾപ്പെടെ | 225000 | 225000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 74/23-24 ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് സി | 980000 | 980000 | 0 |
| കോട്ടയം | 89/23-24 | 80000 | 80000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 85/23-24 അംഗൻവാടി അനുപൂരക പോഷകാഹാര വിതരണം | 169799 | 169799 | 0 |
| | ആകെ | **1454799/-** | **1454799/-** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 10/23-24 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 866520 | 0 | 866520 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ | തൻ വർഷം എടുത്ത | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | യിരുന്ന തുക | വായ്പ | | | തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 9838402 | 2240609 | 1637976 | - | 10441035 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

31.03.2024 -ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 33 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകിയത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം-3 | വസ്തു നികുതി പരിഷ്കരണ | ലോക്കൽ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2014-15 | 2-4 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 32063769.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22927300.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1557316/- |

ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 9900/- | ശ്രീ. ടോമിൻ ജോർജ്ജ്, വി.ഇ.ഒ |
| 1-22 | 100000/- | ഡോ. ബിബിരാജ് സി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-23 | 168535/- | ഡോ. സജിത കെ.എ), മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-29 | 9197/- | ശ്രീ. ജയപ്രകാശ് ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 391460/- | ശ്രീ. സുരേഷ് സാമുവേൽ, സെക്രട്ടറി |
| 1-31 | 11704/- | ശ്രീ. സുരേഷ് സാമുവേൽ, സെക്രട്ടറി |
| 1-32 | 866520/- | ശ്രീ. സുരേഷ് സാമുവേൽ, സെക്രട്ടറി |
| ആകെ | 1557316/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993- 94 | എൽ.എഫ്.കെ.പി2/985 /96/4.01.97/ 16.4.97 | -- |
| 1997-98 | കെ.എസ്.എ- കെ.ടി.എം.പി.14/ (അദാ.2018)218(1)/3.12.18 | 1 |
| 2006-07 | കെ.എസ്.എ- കെ.ടി.എം.പി.14/ (അദാ.2022)887(1)/2022 /03.08.22 | 3 |
| 2007-08 | എൽ.എഫ്.കെ.പി3/232 /10/11.06.13 | 5 |
| 2008-09 | കെ.എസ്.എ- കെ.ടി.എം.പി.14/ 2057/(2)/02.05.23 | 1 |
| 2011-12,2012-13 | കെ.എസ്.എ- കെ.ടി.എം.പി.14/ | 2 |

| | | |
|---|---|---|
| | 2057(5)/2022/24.04.23 | |
| 2013-14,2014-15 | കെ.എസ്.എ-കെ.ടി.എം.പി.14/2057(6)/2022/24.04.23 | 2 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14/1456(1)/22/06.03.23 | 2 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14/1456(2)/2022/3.1.23 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14/127/2023/03.06.2023 | 17 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.14/172/2021/28.01.21 | 12 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.14/951/2021/16.05.2022 | 7 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.14/952/2021/09.06.2022 | 14 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.14/159/2023/30.06.2023 | 16 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി.14/1948/2023/11.03.2024 | 23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 29-05-2024 and submitted on 25-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Teekoy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Teekoy Grama Panchayat as on 31-03-2024

**Date: 09/09/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Teekoy Grama Panchayat for the Year 2023-2024.

### 1.Major Observations

1. General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2024.
2. Non Disclosure of Capital Contribution-Captal contribution opening balance details on 01/04/2023

has not provided by autherised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Register
has not updated upto 31/03/2024.

## 2.Other Observations

1. Contingent Expenses and Honourarium of Elected Representatives which became due upto 31/03/2024
has not accounted as payable during 2023-24.
2. Government/Other dues register not maintained properly to substantiate financial statements.
3. Details of the opening balance of 460100103 - Temperory Advance for Official Purposes, 460500499 Advance to Other Accredited Agencies in B 18 schedule is not available in Advance Register.
4. The schedules B5 Secured Loans and B16 Prepaid Expenses in the Balance Sheet did not match.
5. Accumulated depreciation in the heads of Roads and Bridges, Vehicle are exceeded over the Asset.
6. Receipt and Payment values of MGNREGS PFMS values in AFS did not match with that of Cash Book.
7. Amounts coming in to the tourism account as UPI payments are not included as receipt in the AFS.
8. Details of balance amount under the head â350400999 - Refund of unutilised Grants-Prior PeriodÂâ in B-9 schedule is not furnished.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്